# തേജിതം

## A Digital Banquet

little KITEs

SNM Govt. BHSS Cherthala


ചേർത്തല
ശ്രീനാരായണ മെമ്മോറിയൽ
ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ



ശ്രീ. പി.ഉണ്ണികൃഷ്ണൻ
നഗരപിതാവ്
ചേർത്തല

## സന്ദേശം

ശ്രീനാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർസെക്കന്ററി സ്കൂൾ ചേർത്തല 2018-2019 അദ്ധ്യയനവർഷത്തിൽ 'തേജിതം' എന്ന തലക്കെട്ടിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

പാഠ്യപാഠ്യേതരരംഗങ്ങളിൽ ഈ വിദ്യാലയം ആർജിച്ച നേട്ടങ്ങൾ ശ്ലാഘനീയമാണ്. വിദ്യാർത്ഥികളുടെ വിവരസാങ്കേതികരംഗത്തെ മികവുതെളിയിക്കുന്നതിനുള്ള ഒരവസരമായി ഞാൻ ഇതിനെ കാണുന്നു. ഈ ഉദ്യമത്തിന് എല്ലാവിധ ആശംസയും നേരുന്നു.

പി. ഉണ്ണികൃഷ്ണൻ

# ഞങ്ങളുടെ പ്രധാന അധ്യാപിക



ശ്രീമതി. മിനി.ബി

# എഡിറ്റോറിയൽ

ഞങ്ങളുടെകുരുന്നുമനസ്സിലെ ചിന്തകൾ ചിറകുവിടർത്തി പറന്നുയരുകയാണ്............
ആകാശനീലിമയിൽ ഒരു ചെറിയ പ്രകാശമായി അതു നിലനിൽക്കുന്നു....................
എസ്.എൻ.എം ഗവ.ബോയ്സ് ഹൈസ്കൂളിലെ കുട്ടിപ്പട്ടങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു.............
ഞങ്ങൾ, കുട്ടികൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും എന്നതിനുള്ള ഉത്തരമായി നിങ്ങൾ ഇതിനെ കണക്കാക്കുമല്ലോ?
ഒന്നുമില്ലായ്മയിൽ നിന്നും എന്തൊക്കെയോ സൃഷ്ടിക്കാൻ കഴിഞ്ഞു എന്ന സംതൃപ്തിയേ ഞങ്ങൾക്കുള്ളൂ. പൂർണത ഒരിക്കലും അവകാശപ്പെടുന്നില്ല. തെറ്റുകളും കുറവുകളും സദയം ക്ഷമിക്കുമല്ലോ.
ഈ പ്രക്രിയയിൽ ഞങ്ങളോടൊപ്പം നിന്ന നിരവധി സുമനസ്സുകളുണ്ട്. ഹെഡ്മിസ്ട്രസ്സ്, കൈറ്റ് മാസ്സ്റ്റേഴ്സ്, എസ്.ഐ.റ്റി.സി അംഗങ്ങൾ, അദ്ധ്യാപകർ, എന്റെ സഹപാഠികൾ, എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. മഹാ പ്രളയത്തെ ഒറ്റക്കെട്ടായി നേരിട്ട കേരളജനതയ്ക്ക് ഈ മാഗസിൻ സമർപ്പിക്കുന്നു.

ചേർത്തല



എഡിറ്റർ
ഹരികൃഷ്ണൻ ആർ
9ബി

## ആശംസകൾ



സീനിയർ അസിസ്റ്റന്റ്
ശ്രീമതി.സൂര്യകുമാരി.വി

ശ്രീനാരായണ മെമ്മോറിയൽ ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടി പട്ടങ്ങൾ തയ്യാറാക്കിയ 'തേജിതം' എന്ന മാഗസിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു

**പ്രിയപ്പെട്ട കുട്ടികൾക്ക്**

**ഞങ്ങൾ ലിറ്റിൽകൈറ്റ് മാസ്റ്റേഴ്സിന്റെ ഹൃദയനിർഭരമായ ആശംസകൾ**

**ശ്രീ. ഷിബു .കെ .കെ**

**ശ്രീമതി. നിഷ അലക്സ്**

# ലിറ്റിൽ കൈറ്റ്സ് കുടുംബം



## ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സ്

ശ്രീമതി .നിഷ അലക്സ്, ശ്രീ. ഷിബു .കെ .കെ

## കൈറ്റുകൾ

ഹരികൃഷ്ണൻ, അമൽജിത്ത്, അഭിജിത്ത് അശോക്, വിഷ്ണു പ്രണവ്, ഹൃദയ് ഹർഷ ലാൽ, ധനേഷ് കൃഷ്ണ, ആൽബിൻ, ആദർശ് കൃഷ്ണ, ഷൈൻ പ്ര കാശ് ,അശ്വിൻ, അരവിന്ദ്, ഗോകുൽ. ജി ,തുടങ്ങിയവർ

# ആശംസകളോടെ.......



ശ്രീ ജ്യോതിസ്
വാർഡ് കൗൺസിലർ



ശ്രീ അജയകുമാർ
പി.റ്റി.എ. പ്രസിഡന്റ്



ശ്രീ രാജേഷ് കുമാർ കെ. ആർ
ജോയിന്റ് SITC



ശ്രീ രഞ്ജിത്ത്
സ്റ്റാഫ് സെക്രട്ടറി

# താളുകളിലൂടെ....


| | |
|---|---|
| **കലാമിന്റെ മൊഴിമുത്തുകൾ** | 10 |
| **കവിത –** പ്രളയാനന്തരം | 11 |
| **ക്വിസ്** | 12 |
| **ലേഖനം –** വൃദ്ധസദനങ്ങൾ പെരുകുമ്പോൾ | 13 |
| **കഥ –** സ്നേഹബന്ധങ്ങൾ | 15 |
| **കവിത –** അപ്പുപ്പൻതാടിയോട് | 16 |
| **കുസൃതിചോദ്യങ്ങൾ** | 17 |
| **കഥ –** വേണുന്റെ മടി | 18 |
| ചിത്രലോകം | 19 |
| **കാഴ്ചപ്പാടുൾ** | 20 |
| **കടങ്കഥകൾ** | 21 |
| **മലയാള സാഹിത്യകാരന്മാരുടെ അപരനാമങ്ങൾ** | 22 |
| **പഠനം എളുപ്പമാക്കാൻ പത്ത് മാർഗ്ഗങ്ങൾ** | 23 |
| **കവിത –** പ്രകൃതി എന്ന സഖി | 24 |
| **പഴഞ്ചൊല്ലുകൾ** | 24 |
| **ലേഖനം –** വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | 25 |
| **പോയ വർഷത്തെ ശാസ്ത്രകൗതുകങ്ങൾ** | 26 |
| **കവിത** – ശാസ്ത്രം | 32 |
| **ARTICLE** – Impacts of social media on education | 33 |
| **ജീവചരിത്രം** – സുഭാഷ് ചന്ദ്രബോസ് | 35 |
| **ജാലകം** | 38 |
| **ആശംസകൾ** | 39 |
| **ബഷീർ അനുസ്മരണം** | 40 |
| **സ്നേഹപൂർവ്വം ഒരിക്കൽകൂടി നന്ദി** | 41 |

# കലാമിന്റെ മൊഴിമുത്തുകൾ

1) നിങ്ങളുടെ ജീവിതത്തിൽ ഉയർച്ചയോ താഴ്ചയോ ഉണ്ടാവട്ടെ. പക്ഷേ ചിന്തയായിരിക്കണം നിങ്ങളുടെ കൈമുതൽ

2) ശാസ്ത്രലോകത്ത് അസാധ്യമായയൊന്നുമില്ല എന്നതായിരിക്കണം വിദ്യാർത്ഥികൾ ഹൃദിസ്ഥമാക്കേണ്ട ആപ്തവാക്യം .

3) മനുഷ്യജീവിതത്തിൽ ബുദ്ധിമുട്ടുകൾ ആവശ്യമാണ് കാരണം വിജയം ആസ്വദിക്കാൻ അവ അത്യാവശ്യമാണ്.

4) ശുചിത്വം ഉടങ്ങേണ്ടത് ഓരോ വീട്ടിൽ നിന്നുമാണ്. വൃത്തിയുള്ള വീട് വൃത്തിയുള്ള നഗരവും തെരുവും സൃഷ്ടിക്കും.



# കവിത

## പ്രളയാനന്തരകേരളം



രഞ്ജിത്ത് എം.ആർ
ക്ലാസ്സ് - 10എ

ഓഖിക്കുപിന്നാലെ പ്രളയവുമെത്തി
കാറ്റിൻ ചുഴലിയായി
ചുറ്റും നാടിൻ രോദനവും
നാടിൻ പെരുമഴയായി
നാട്ടാരുടെ കണ്ണീർമഴയായി
പാടൂ സഹോദരേ
നാം ഒന്ന് നമ്മുക്കില്ല ജാതിയും മതവും
പലനാടിൻരോമഹർഷത്തിലെരു
കാറ്റിനാൽ പാടുന്ന നാട്ടാരാൽ പാടുന്ന
മനുഷ്യമൃഗസസ്യ ഹൃദയരോദനങ്ങൾ
പാട്ടാൽ കഥയാൽ രോദനഗാനങ്ങൾ
കവിയുടെ തൂലികചലിക്കുന്നു
ഹൃദയനൊമ്പരത്തോടെ .......
കണ്ണീരാൽ മുകിയ കേരളനാട്
മലയാള നാടിന്റെ കേരളമണ്ണിൽ
എത്ര മനുഷ്യജഡവുമേന്തി
 മണ്ണിൻ  മാതാവ് ഉറങ്ങുകയായി
നാം ചെയ്യതതിന് ഇതുതന്നെവേണം
ഒട്ടും കുറഞ്ഞില്ല ശിക്ഷ ഇത്രപോരാ
ഇതിലും വലുത് കിടക്കുന്നതേയുള്ളു
അത് തടയാൻ സംരക്ഷിക്കുക
നമ്മുടെ നാടിനെ മാതാവിനെ



# ക്വിസ്

ഹരികൃഷ്ണൻ ആർ
9 ബി

1) ഷഡ്പദങ്ങളെ ഭക്ഷിക്കുന്ന ഷഡ്പദം -കുഴിയാന

2) ഉറുമ്പിന് എത്ര കാലുകളുണ്ട് - 6

3) ശ്രീലങ്കയുടെ പഴയ പേര് - സിലോൺ

4)ജലത്തിന്റെ പി.എച്ച് മൂല്യം -7

5) ഇന്ത്യയുടെ പൂന്തോട്ടം -കാശ്മീർ

6) മലയാള ഭാഷയിലെ സ്വരാക്ഷരങ്ങളുടെ എണ്ണം -16

7) ലോകത്തിലെ ഏറ്റവും വലിയ സമുദ്രം -ശാന്തസമുദ്രം

8) മോളിവുഡ് എന്നറിയപ്പെടുന്ന സിനിമാമേഖല -മലയാളം

9) കരസേനാദിനം -ജനുവരി 15

10) കേരളത്തിൽ കുടുബശ്രീ പദ്ധതികൾക്ക് തുടക്കം കുറിച്ച ജില്ല

-ആലപ്പുഴ

## ലേഖനം




ഷൈൻ പ്രകാശ്
9 ബി

# വൃദ്ധസദനങ്ങൾ പെരുകുമ്പോൾ

കുടുംബവും അതിലെ ബന്ധങ്ങളും പാവനമായി കാത്തുപോരുന്ന ഒരു രാജ്യമാണ് ഇന്ത്യ. വ്യക്തിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുമ്പോഴും സമൂഹവും കുടുംബവും അവന്റെമേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ഇത് അവന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നതിന് അത്യന്താപേഷിതമാണ്. അച്ഛൻ, അമ്മ, മക്കൾ, സഹോദരങ്ങൾ, മുത്തച്ഛൻ, മുത്തശ്ശി എന്നിങ്ങനെ ബന്ധങ്ങൾ കുടുംബം സ്വർഗ്ഗതുല്യമാക്കുന്നു.

എന്നാൽ ഇന്ന് വൃദ്ധസദനങ്ങൾ പെരുകിവരുന്നതാണ് കാണാൻ കഴിയുന്നത്. വൃദ്ധസദങ്ങൾ വർദ്ധിക്കാൻ കാരണം എന്താണ് ? വാർദ്ധക്യം നഷ്ടങ്ങളുടെ കാലഘട്ടമാണ്. സ്വന്തം സമ്പാദ്യം മക്കൾക്കുനൽകുന്നു. തൊഴിൽ നഷ്ടമാകുന്നു. ആരോഗ്യം ക്ഷയിക്കുന്നു. ഇത്തരമൊരു അവസ്ഥയിലാണ് കുടുംബത്തിന്റെ കൈത്താങ്ങ് അവർക്ക് ആവശ്യമായിവുന്നത്.




പക്ഷെ മാറിവരുന്ന ജീവിതസാഹചര്യങ്ങൾ വൃദ്ധജന സംരക്ഷണകത്തിൽ നിന്ന് കുടുംബങ്ങളെ അകറ്റുന്ന കാഴ്ചയാണ് കാണുന്നത്.

ആധുനിക ജീവിത സൗകര്യങ്ങൾക്കായി നെട്ടോട്ടമോടുമ്പോൾ വൃദ്ധരായ മാതാപിതാക്കളെ നാം മറന്നുപോകുന്നു. ഏത് തിരക്കിലും സമയം കണ്ടെത്തി മക്കൾ മാതാപിതാക്കളെ പരിചരിക്കണം. നാം കുഞ്ഞായിരിന്നപ്പോൾ ഒരു ജലദോഷം വന്നാൽ ഉറക്കമിളച്ച് അവർ നമ്മെ പരിചരിക്കുന്നു. കടലോളം സ്നേഹം നൽകി വളർത്തിവലുതാക്കിയ മാതാപിതാക്കൾക്ക് അവരുടെ വാർദ്ധക്യത്തിൽ എള്ളോളം സ്നേഹമെങ്കിലും കൊടുക്കാൻ കഴിയണം. അതാണ് ജീവിതത്തിലെ പുണ്യം. കാരണം നമ്മളും പ്രായമാകുമെന്ന കാര്യം വിസ്മരിച്ചുടാ.

കഥ

# സ്നേഹ ബന്ധങ്ങൾ



കാർത്തിക്ക് .പി
10 എ

നീ ഓർക്കുന്നുണ്ടോ എന്നെനിക്ക് അറിയില്ല. അന്ന് നീ എന്റെ കാൽമുട്ട് ഇഷ്ടികകൊണ്ട് എറിഞ്ഞ് പൊട്ടിച്ചത്. അന്ന് ഞാൻ കരഞ്ഞുകൊണ്ട് വീട്ടിലേക്ക് ഓടിയത് . ഒരാഴ്ചയോളം ഞാൻ നിന്നെ ചീത്തവിളിച്ചുനടന്നതും എല്ലാം. രാജീവ് ഒരു ചെറു പുഞ്ചിരിയോടെ എല്ലാം കേട്ടുനിന്നു. അവർ അയൽക്കാരാണെങ്കിലും തമ്മിൽ ശത്രുതാമനോഭാവമാണ് . അവരുടെ ബാല്യം അങ്ങനെ ഒരു മൂല്യവും ഇല്ലാതെ കടന്നുപോയി. അവർ തമ്മിൽ എന്നും മത്സരായിരുന്നു.

"കാലമാകുന്ന നദി കലങ്ങിയൊഴുകിയപ്പോൾ അവരുടെ ശത്രുത ഒഴുകിയകന്നു. അവർ വീണ്ടും മിത്രങ്ങളായി.”

പഠനത്തിലും കലാകായിക ഇനങ്ങളിലും എല്ലായിടത്തും അവർ കൊമ്പുകോർത്തു. താൻ തോറ്റാലും മറ്റേയാൾ ജയിക്കരുതെന്ന വാശി.എന്നാൽ കാലമാകുന്ന നദി കലങ്ങിയൊഴുകിയപ്പോൾ അവരുടെ ശത്രുത ഒഴുകിയകന്നു. അവർ വീണ്ടും മിത്രങ്ങളായി. അതിനു കാരണം അവരുടെ തിരക്കേറിയ ജീവികമായിരുന്നു. മനസ്സിൽ എപ്പോഴും ഒരു വിചാരം മാത്രം. പണം സമ്പാദിക്കണം പണം സമ്പാദിക്കണം. അവരുടെ ബാല്യകാല സ്മരണകൾ ഇടവേളകളിൽ നഷ്ടമായി. നീണ്ട ഇടവേളകൾക്കു ശേഷം അവർ വീണ്ടും കണ്ടുമുട്ടിയിരുന്നു. ഇന്നവർ ഒത്തുകൂടിയത് തങ്ങളുടെ മക്കളെ മുന്തിയ സ്കൂളിൽ ചേർക്കുന്നതിനായി എത്തിയപ്പോഴാണ്.

പെട്ടെന്ന് ഒരു മിന്നൽപിണർ പോലെ മനസ്സിന്റെ ഉൾത്തടങ്ങളിൽ ഒരു വേലിയേറ്റം. പെട്ടെന്ന് രണ്ടാൾക്കും തങ്ങളുടെ ബാല്യം തിരികെയെത്തിയ തോന്നൽ. ഇരുവരും മനസ്സിൽ മന്ത്രിച്ചു.എന്തിനായിരുന്നു തങ്ങളുടെ പിണക്കം. എന്തായിരുന്നു അതിന്റെ അടിസ്ഥാനം. ഒടുവിൽ അവർ ഉത്തരം കണ്ടെത്തുന്നു. സ്നേഹരാഹിത്യമാണതിന്റെ കാരണം. ഈ ലോകത്തിൽ സ്നേഹമാണ് ശാശ്വതം. അതാണ് നിലനിൽക്കുന്നത്.

കവിത

വിഷ്ണുപ്രണവ്, 9 ബി

## അപ്പൂപ്പൻ താടിയോട്

അകലേയ്ക്കകലേയ്ക്കുയർന്നു  പോകുമൊരപ്പൂപ്പൻ താടീ
ചെല്ലക്കാറ്റിൽ ചാഞ്ചാടുന്നൊരു വെള്ളപ്പൂത്താടീ
നിൽക്കാതിങ്ങനെ പക്ഷിക്കണക്കു പറക്കുവതെന്തേന്നീ?
എന്താണിത്രതിടുക്കം ?  ധിറുതിയിലെങ്ങോട്ടോടുന്നു. ?
മാനത്തമ്പിളിമാമൻ വാഴും മാളിക കാണാനോ ?
താരപ്പൂക്കളടർത്തിയെടുത്തൊരു മാലയൊരുക്കാനോ ?
എന്നു ലഭിച്ചീ വെള്ളത്താടി നിക്കതുപറയാമോ ?
വെള്ളത്താടി കുലുക്കിച്ചുണ്ടിൽ കള്ളച്ചിരിയോടെ
കയറിപ്പോകും മുത്തച്ഛാ നിൻ കാര്യം കേമം !

# കുസൃതി ചോദ്യങ്ങൾ

# 80 വയസ്സുള്ള ഒരാൾ ആകെ 20 പിറന്നാളുകൾ മാത്രമേ ആഘോഷിച്ചിട്ടുള്ള കാരണം എന്ത് ?

- അയാളുടെ പിറന്നാൾ ഫെബ്രുവരി 29 ന് ആണ്

# വായിനോക്കാൻ ബിരുദമെടുത്തവർക്ക് പറയുന്ന പേരെന്താണ് ?

- ദന്തഡോക്ടർ

# പരീക്ഷയുടെ അവസാനം എന്താണ് ?

- ക്ഷ

# പച്ചക്കിളി പച്ചമരത്തിലിരുന്നാൽ എത്ര ?

- 2 ഗുണം 4 = 8

# എങ്ങനെ എഴുതിയാലും ശരിയാകാത്ത വാക്ക് ?

-തെറ്റ്

# ഗാന്ധാരി കണ്ണ് മൂടികെട്ടിയത് എന്തുകൊണ്ട് ?

- തുണി കൊണ്ട്

# ഏറ്റവും താഴെയുള്ള വരയെ എന്തു പറയാം ?

- താഴ്‌വര

കഥ

# വേണുവിന്റെ മടി

ഒരിടത്ത് ഒരു ബാലൻ ഉണ്ടായിരുന്നു. അവന്റെ പേര് വേണു. അവൻ ഒരു കുഴിമടിയനായിരുന്നു. അവന്റെ പ്രായമായ അച്ഛൻ പാടത്തു പണിയെടുത്തു കിട്ടുന്ന കാശു കൊണ്ടാണ് ആ കുടുംബം കഴിയുന്നത്. ഒരിക്കൽ അവന്റെ അച്ഛൻ മരിച്ചു. ആ വിഷമം താങ്ങാൻ വയ്യാതെ അമ്മയും മരിച്ചു. വേണു തനിച്ചായി. ഒരു ദിവസം അവന്റെ മാമൻ വീട്ടിൽ വന്നു. മാമനു കൊടുക്കാൻ കൈയ്യിൽ ഒന്നുമില്ല. അപ്പോൾ അവിടെ നിന്ന തേൻമാവിലെ കുറേ മാമ്പഴം പറിച്ചു കൊടുത്തു. അത് മാമനു ഇഷ്ടപ്പെട്ടു. അതുകൊണ്ട് ഉച്ചയ്ക്കും വൈകിട്ടും മാമ്പഴം തന്നെ കഴിക്കാൻ കൊടുത്തു. ഇവന്റെ ഈ പ്രവൃത്തി മാമന് ഇഷ്ടായില്ല. മാമൻ പറഞ്ഞു. നിന്നെ പൊലത്തെ ശുംഭന്റെ വീട്ടിൽ വന്ന എന്നേവേണം തല്ലാൻ. എപ്പോഴും ആ മാമ്പഴം തന്നെ തന്നു. ഞാനിനി നിന്റെ വീട്ടിൽ വരില്ല. കുഴിമടിയൻ. ഹും....... അത് വേണുവിന് നാണക്കേടായി. നാട്ടുക്കാർ ആ പേരും പറഞ്ഞ് അവനെ കളിയാക്കി. പിന്നെയാണ് അവന് മനസ്സിലായത് ഇതിനെല്ലാം കാരണം തന്റെ കുഴിമടിയാണെന്ന്. അങ്ങനെ അവൻ കാലത്തും അന്തിക്കും പണിയെടുക്കാൻ തുടങ്ങി. ഈ വിവരം മാമൻ അറിഞ്ഞു. ഒരു ദിവസം മാമൻ അപ്രതീക്ഷിതമായി വന്നു. അതു കണ്ട വേണു ഓടിച്ചെന്ന് മാമനെ കെട്ടിപ്പിടിച്ചു. എന്നിട്ടു പറഞ്ഞു. മാമൻ കാരണമാണ് എനിക്ക് എന്റെ തെറ്റ് മനസ്സിലായത്.എന്റെ മടി മാറി. ഇത് പഴയവേണു അല്ല. പുതിയ വേണുവാണ്. ഇന്ന് ഞാൻ അധ്വാനിച്ചുണ്ടാക്കിയ സാധനങ്ങൾ കൊണ്ടുള്ള ഒരു സദ്യ മാമനുണ്ട്. ഇത് കേട്ടതും മാമന് സന്തോഷം കൊണ്ട് ആനന്ദ കണ്ണീർ വന്നു.


അതുൽ രാജ്, 9 ബി


# ചിത്രലോകം











# കാഴ്ചപ്പാടുകൾ

. യുക്തിയിൽ മാത്രം വിശ്വസിക്കുന്ന മനസ്സ് പിടിയില്ലാത്ത കത്തിപ്പോലെയാണ്. അത് ഉപയോഗിക്കുന്ന കൈ മുറിയുന്നു. (ടാഗോർ)

. ഉറങ്ങുമ്പോൾ നിങ്ങൾ കാണുന്നതല്ല യഥാർത്ഥസ്വപ്നം. നിങ്ങളെ ഉറങ്ങാനനുവദിക്കാത്ത തീവ്രമായ ആഗ്രഹങ്ങളാണ് സപ്നം. (അബ്ദുൾ കലാം)

. വിജയത്തിന്റെ പത്ത് ശതമാനവും പ്രചോദനവും തൊണ്ണൂർ ശതമാനം വിയർപ്പുമാണ്. (എഡിസൺ)

. അധികാരങ്ങളെ പൂർവ്വാർജിത സ്വത്തായി കാണരുത്. അത് നിങ്ങൾക്ക് അവകാശപ്പെട്ടതല്ല. ഇന്ത്യയിലെ ജനങ്ങൾക്ക് അവകാശപ്പെട്ടതാണ്

(മഹാത്മാ ഗാന്ധിജി)

## കടങ്കഥകൾ

. കാറ്റത്തോട്ടം കുടവയർ - ബലൂൺ

. കാലിൽ പിടിച്ചാൽ തോളിൽ കയറും - കുട

. മണ്ണിനടിയിൽ പൊന്നമ്മ – മഞ്ഞൾ

. മണിയടിച്ചാൽ മലമ്പാമ്പ് ഓട്ടം - തീവണ്ടി

. തൊട്ടാൽ പൊട്ടാൽ പളുങ്കുകൊട്ടാരം - നീർക്കുമിള

. ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര – ചെരുപ്പ്

# മലയാള സാഹിത്യകരന്മാരുടെ അപരനാമങ്ങൾ

. കേരള കാളിദാസൻ - കേരള വർമ്മ വലിയ കോയിത്തമ്പുരാൻ

. കേരള പാണിനി - എ. ആർ രാജരാജ വർമ്മ

. കേരള ഇബ്സൻ - പ്രൊഫ. എസ്. കൃഷ്ണപിള്ള

. കേരള സ്കോട്ട് - സി. വി രാമൻ പിള്ള

. കേരള വാൽമീകി - വള്ളത്തോൾ

. കേരള ഓർഫ്യൂസ് - ചങ്ങമ്പുഴ കൃഷ്ണപിള്ള

# പഠനം എളുപ്പമാക്കാൻ പത്ത് മാർഗ്ഗങ്ങൾ

. ഏകാഗ്രതയോടെ പഠിക്കുക

. ആവർത്തിച്ച് പഠിക്കുക

. സമയം ക്രമീകരിച്ച് പഠിക്കുക

. ആസ്വദിച്ച് പഠിക്കുക

. അർത്ഥം മനസ്സിലാക്കി പഠിക്കുക

. പരമാവധി വിവരങ്ങൾ ശേഖരിച്ച് പഠിക്കുക

. പാഠഭാഗത്തെ യൂണിറ്റുകളായി തരംതിരിച്ച് പഠിക്കുക

. എഴുതി പഠിക്കുക

. കൂട്ടുകാർ ചെറിയ സംഘങ്ങളായി ചേർന്ന് പഠിക്കുക

. പഠിച്ച കാര്യങ്ങൾ ഓർമ്മിച്ച് എഴുതാൻ ശ്രമിക്കുക

## പ്രകൃതി എന്ന സഖി (കവിത)

മനസ്സാം മണിവീണയിൽ
മീട്ടും വിരലുകളായി
നിന്ന പ്രിയ തോഴി
എൻ ഹൃദയഗാനങ്ങളിൽ
മൂളും ചുണ്ടായി നിന്ന പ്രിയ സഖി

പൂക്കളും പുഴുക്കളും
മലകളും തിരകളും
നിറഞ്ഞ പ്രകൃതിയാണെൻ കളിത്തോഴി
കരിഞ്ഞുണങ്ങിയ മനസ്സിൽ
മഴത്തുള്ളി സ്പർഷം തീർത്ത പ്രകൃതി

## പഴഞ്ചൊല്ലുകൾ

. അടിതെറ്റിയാൽ ആനയും വീഴും
. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ
. ആനയ്ക്ക് തടി ഭാരം ഉറുമ്പിന് അരി ഭാരം
. ആറ്റിൽ കളഞ്ഞാലും അളന്ന കളയണംസ
. ഒരു കോഴി കൂകിയാൽ നേരം വെളിക്കില്ല
. ഉണ്ണുന്ന ചോറിൽ മണ്ണ് ഇടരുത്
. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും
. ഐക്യമത്യം മഹാബലം

# വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

(ലേഖനം)

സമൂഹത്തിൽ മൂല്യബോധമുള്ളവരായി ജീവിക്കുന്നതിന് വിദ്യാഭ്യാസം അത്യന്താപേഷിതമാണ്. ആത്മീയവും ഭൗതീകവുമായ വികാസം വിദ്യാഭ്യാസത്തിന്റെ ലക്ഷണമായികണക്കാക്കാം. ഇന്ന് വിദ്യാഭ്യാസമേഖലയിൽ വിദ്യാർത്ഥികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. രക്ഷിതാക്കൾ വിദ്യാസമ്പന്നരാണെങ്കിലും കുട്ടികളെ സ്വതന്ത്ര വിദ്യാഭ്യാസത്തിന് അനുവദിക്കാത്തവരാണ്. മക്കളുടെ ആഗ്രഹമല്ല ഇന്ന് രക്ഷിതാക്കൾ നോക്കുന്നത്. ഓരോ രക്ഷിതാവും അവരുടെ ആഗ്രഹങ്ങൾ മക്കളിൽ അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. കുട്ടികളെ സ്വതന്ത്ര വ്യക്തികളായി കണ്ട് അവരുടെ താൽപര്യങ്ങൾ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. വിശ്രമം ഇല്ലാത്ത പഠനം കുട്ടികളുടെ മാനസ്സികനില തന്നെ തകരാറിലാക്കുന്നു. ഇന്ന് വിദ്യാർത്ഥികളും അധ്യാപകരും തമ്മിൽ പഴയ തലമുറയിലേതുപോലെ ആത്മബന്ധം ഇല്ല.

ഹോം വർക്കുകളുടെ അതിപ്രസരം കുട്ടികളുടെ ദൈനദിന പഠനത്തെ തടസ്സപ്പെടുത്തുന്നു. കുട്ടികളിൽ അമിതപ്രതീക്ഷ അർപ്പിക്കുന്ന മാതാപിതാക്കളാണ് ഉള്ളത്.ഇത്തരം സമ്മർദ്ദങ്ങൾ കുട്ടികളിൽ ഉത്കണ്ഠം ജനിപ്പിക്കുന്നു.അങ്ങനെ അവർ വിഷാദരോ- ഗികളായി മാറുന്നു. സമൂഹനന്മയ്ക്ക് വേണ്ടി നിക്കൊള്ളുന്നവരായി

വരുവാൻ കരിക്കുലം അവരെ പ്രാപ്തരാക്കണം. നമ്മൾ മൂല്യബോധവും നന്മയും വിവേകവും ഉള്ള ഒരു തലമുറയെ വാർത്തെടുക്കണം. കേവലം ഡോക്ടറോ എൻജിനീയറോ എന്നതിനപ്പുറം മനുഷ്യത്വമുള്ള ഒരുതലമുറ വളർന്നുവരട്ടെ എന്ന് പ്രത്യാശിക്കാം.

# പോയവർഷത്തെ ശാസ്ത്രകൗതുകങ്ങൾ

## ഡന്നി എന്ന പെൺകുട്ടി

നമ്മുടെ പൂർവികരെത്തേടിയുള്ള അന്വേഷണം ഇനിയും അവസാനിച്ചിട്ടില്ല. മാത്രമല്ല ആ അന്വേഷണം ഇടക്കിടെ നമുക്ക് അത്ഭുതങ്ങൾ സമ്മാനിക്കുന്നുമുണ്ട്. കഴിഞ്ഞ വർഷം കണ്ടെത്തിയ ഡന്നി എന്ന പെൺകുട്ടി അതിലൊന്നാണ്. ഡന്നിയെ പൂർണമായും കിട്ടിയിട്ടില്ല. കിട്ടിയത് കാലെല്ലിന്റെ ഒരു കഷണം മാത്രം. പക്ഷെ ആ എല്ലിൽനിന്നും ലഭിച്ച കോശത്തിലെ ഡിഎൻഎ വിശ്ലേഷണം ചെയ്തപ്പോൾ ഡന്നിയുടെ അമ്മ നിയാണ്ടർത്താൽ മനുഷ്യനും അച്ഛൻ മനുഷ്യരുടെ മറ്റൊരു പൂർവികനായ ഡന്നിസോവൻ മനുഷ്യനും ആണെന്ന് കണ്ടെത്തിയിരിക്കുന്നു. മനുഷ്യചരിത്രം തിരുത്തി എഴുതിയേക്കാവുന്ന ഒരു കണ്ടുപിടുത്തമാണിത്.

## ന്യൂഹൊറൈസണിന്റെ സമ്മാനം

കുയിപ്പർ ബെൽട്ട് വസ്തുക്കളെക്കുറിച്ച് പഠിക്കാനായി നാസ വിക്ഷേപിച്ച ന്യൂഹൊറൈസണിൺ ബഹിരാകാശ പേടകം നമുക്ക് നല്ലൊരു ചിത്രം സമ്മാനിച്ചിരിക്കുന്നു. 2015ജൂലൈയിൽ ആണ് അത് പ്ലൂട്ടോയുടെയും അതിന്റെ ഉപഗ്രഹങ്ങളുടെയും ഫോട്ടോ എടുത്ത് അയച്ചത്.2018 ഡിസംബറിൽ അത് കുയിപ്പർ ബെൽട്ടിലെ അൾടിമാ തുലെ എന്ന വസ്തുവിന്റെ ഫോട്ടോ എടുത്തയച്ചു. ഒരു മഞ്ഞ് മനുഷ്യനെ അനുസ്മരിപ്പിക്കുന്ന അതിന്റെ ചിത്രം ആദ്യമായിട്ടാണ് നമുക്ക് ലഭിക്കുന്നത്.

## ചാങ്ങെ- 4 ചന്ദ്രന്റെ കാണാൻ കഴിയാത്ത വശത്ത് ഇറങ്ങി

ബഹിരാകാശ ചരിത്രത്തിലാദ്യമായി ഒരു ചന്ദ്രപേടകം നമുക്ക് കാണാൻ കഴിയാത്ത ഭാഗത്ത് ഇറങ്ങിയിര്ക്കുന്നു. ചൈനയുടെ ചാങ്ങെ-4 ആണ് ഈ നേട്ടം കൈവരിച്ചത്. ചൈനയുടെ ചാന്ദ്ര ദൗത്യങ്ങളാണ് ചാങ്ങെ ശ്രേണി ചാങ്ങെ-3 ചന്ദ്രനിൽ യുട്ടുഎന്ന വാഹനം ഇറക്കിയിരുന്നു.

## പ്ലാസ്റ്റിക്ക് തിന്നുന്ന എൻസൈം

2016 ൽ ജപ്പാനിലെ ഒരു ചവറിടത്തിൽ അവിചാരിതമായാണ് പ്ലാസ്റ്റിക്ക് തിന്നുന്ന ബാക്ടീരിയയെ കണ്ടെത്തിയത്. ആ ബാക്ടീരിയ എങ്ങനെ പരിണമിച്ചുണ്ടായത് എന്നറിയാൻ ശാസ്ത്രജ്ഞർ അതിന്റെ എൻസൈമിനെ കുറച്ചുമുറിച്ചുമാറ്റി. അത്ഭുതമെന്ന് പറയട്ടെ പ്ലാസ്റ്റിക്ക് തിന്നാനായുള്ള ബാക്റ്റീരിയത്തിന്റെ കഴിവ് പതിമടങ്ങ് വർദ്ധിച്ചതായി അവർ കണ്ടെത്തി. ഞങ്ങൾ അത്ഭുതപ്പെട്ടുപോയി സത്യമായും അതൊരു വലിയ കണ്ടുപിടുത്തമായിരുന്നു. എന്ന് ആ ശാസ്ത്രസംഘത്തിന്റെ തലവൻ അഭിപ്രായപ്പെട്ടു.

## ജനിതക മരുന്ന്

ട്രാൻസ്ത്തിരട്ടിൽ അമൈലോഡോസിസ് എന്നത് ഹൃദയത്തെയും ഞരമ്പുകളെയും ബാധിക്കുന്ന ഒരു രോഗമാണ്. തെറ്റായി മടക്കിയ പ്രോട്ടീൻ (അമിനോ ആസിഡുകൾ ചേർത്തുണ്ടാക്കിയ പോളിമറുകൾ ശരിയായ രീതിയിൽ മടക്കിയുണ്ടാക്കിയ പ്രോട്ടീൻ മാത്രമേ ശരിക്കു പ്രവർത്തിക്കൂ.) കാരണമാണ് ഈ രോഗമുണ്ടാകുന്നത്. എന്നാൽ ജീനിനെ നിശബ്ദമാക്കുന്ന (പ്രവർത്തിപ്പിക്കാത്ത) ഒരു ജനിതക മരുന്നിന് അമേരിക്കൻ ആരോഗ്യ സംഘടന അനുമതി നൽകിയതോടെ ഈ രോഗത്തിന് അറുതിയായിരിക്കുന്നു. ഇത് ജനിതക ഘടനയുടെ ഭാഗമായ ആർ.എൻ.എ.യെ ആസ്പദമാക്കി ഉണ്ടാക്കിയ രണ്ടാമത്തെ മരുന്നാണ്. രണ്ട് മരുന്നുകളും ജനിതക രോഗ ചികിത്സയിലെ നാഴികക്കല്ലുകളായി മാറും

## യൂറോപ്പ വീണ്ടും ശ്രദ്ധാകേന്ദ്രമാകുന്നു

സൗരയൂഥത്തിനകത്ത് ജീവൻ തേടുന്നവർ ആദ്യം അന്വേഷിക്കുന്നത് ഗ്രഹങ്ങളിലോ ഉപഗ്രഹങ്ങളിലോ വെള്ളം ഉണ്ടോ എന്നാണ്. പല ഉപഗ്രഹങ്ങളിലും ജലം മാത്രമല്ല സമുദ്രം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വളരെക്കാലമായി 500കി.മീ മാത്രം വ്യാസമുള്ള എൻസിലാഡസ് (ശനിയുടെ ഉപഗ്രഹം) ആയിരുന്നു എല്ലാവരുടെയും ശ്രദ്ധാകേന്ദ്രം. എന്നാൽ 2018ൽ വ്യാഴത്തിന്റെ ചന്ദ്രനായ യൂറോപ്പ ആ സ്ഥാനം പിടിച്ചെടുത്തിരിക്കുന്നു. യൂറോപ്പയാണ് ജീവന് ഏറ്റവും സാധ്യതയുള്ള ഉപഗ്രഹം എന്നാണ് ജ്യോതിശാസ്ത്രജ്ഞർ ഇപ്പോൾ പറയുന്നത്.

## വിദൂര ഗാലക്സിയിൽ നിന്നും ഒരു വിരുന്നുകാരൻ

ബഹിരാകാശത്തുനിന്നും പരശതം ന്യൂട്രിനോ കണങ്ങൾ ഓരോ സെക്കന്റിലും ഭൂമിയിൽ എത്തുന്നുണ്ട്.പക്ഷെ അവയെ കണ്ടെത്തുക പ്രയാസമുള്ള കാര്യമാണ്. അഥവാ കണ്ടെത്തണമെങ്കിൽ ഭീമാകാരമായ ഡിറ്റക്ടറുകൾ വേണം അത്തരത്തിലുള്ള ഒരു ക്യൂബിക്ക് കി.മീ വ്യാപ്തമുള്ള ഡിറ്റക്ടർ ദക്ഷിണധ്രുവത്തിനടിയിൽ ഐസുപാളികൾക്കുള്ളിലുണ്ട്. 2017 സെപ്റ്റംബറിൽ അവർ ഒരു ന്യൂട്രിനോയെ കണ്ടെത്തി. ഈ ന്യൂട്രിനോയുടെ ഉറവിടം അന്വേഷിച്ച നാസയുടെ ഫെർമി ഗാമാ റേ ടെലസ്ക്കോപ്പ് അത് വിദൂരമായ ഒരു ഗാലക്സിയുടെ കേന്ദ്രത്തിൽ നിന്നാണ് വന്നത് എന്ന് കണ്ടെത്തിയിരിക്കുന്നു.

## ഒളിഞ്ഞുകിടക്കുന്ന ഭീമൻ ഗർത്തം

നമുക്കിപ്പോഴും നമ്മുടെ ഭൂമിയെക്കുറിച്ച് പലതും അറിയില്ല. അതിലൊന്നാണ് ഗ്രീൻലാൻഡിൽ ഒരു കി.മീറ്ററോളം കനത്തിൽ ഐസ് കൊണ്ട് മൂടപ്പെട്ട് കിടക്കുന്ന ഒരു ഭീമൻ ഗർത്തം. ഹിമാവാത്ത ഗർത്തം എന്ന ഇത് ഭൂമിയിലെ 25വലിയ ഗർത്തങ്ങളിൽപ്പെടും. കഴിഞ്ഞ നവംബറിൽ വിമാനറഡാറുകളാണ് ഇത് കണ്ടുപിടിച്ചത്. ഏറ്റവും അത്ഭുതാവഹമായ കാര്യം ഈ ഗർത്തം ഒരു ഛിന്നഗ്രഹം വന്നിടിച്ചിട്ടുണ്ടായതാണെന്നും അത് വെറും 13000 വർഷം മുമ്പ് മാത്രം സംഭവിച്ചതാണെന്നതുമാണ്.

## ജന്തുലോകത്തിലെ അത്ഭുതം

തുരപ്പനെലികൾ ജന്തുലോകത്തിലെ അത്ഭുതമാണ്. അവയ്ക്ക് ക്യാൻസർ രോഗം വരില്ല. 18മിനിറ്റോളം ഓക്സിജൻ ശ്വസിക്കാതെ കഴിക്കാം. പലതരം വേദനകളും അവയെ ബാധിക്കില്ല. എന്നാൽ അവയുടെ മറ്റൊരു അത്ഭുതം അവ ദീർഘകാലം ജീവിക്കുന്നു എന്നതാണ്. സാധാരണ എലികൾ നാല് വർഷം ജീവിക്കുമെങ്കിലും തുരപ്പനെലികൾ മുപ്പതുവർഷത്തിലധികം ജീവിക്കുന്നു എന്ന് കണ്ടെത്തിയിരിക്കുന്നു. അവയുടെ ശരീരത്തിൽ ഡിഎൻഎ പ്രശ്നങ്ങൾ പരിഹരിക്കുന്ന സംവിധാനങ്ങളും പ്രോട്ടീനുകളെ വേണ്ട വിധത്തിൽ മടക്കുന്ന പ്രോട്ടീൻ പണിക്കീരും ഉണ്ടെന്നും അവ തുരപ്പനെലിയുടെ ശരീരത്തിൽ തകർന്നടിഞ്ഞ ജൈവകണങ്ങളെ പുറംതള്ളാൻ സഹായിക്കുന്നു എന്നും കണ്ടെത്തിയിരിക്കുന്നു.

## ജീൻ എഡിറ്റിങ്ങും ഡിസൈനർ കുട്ടികളും

ഭ്രൂണാവസ്ഥയിൽ കോശങ്ങളിലെ ഡിഎൻഎയിൽ മാറ്റം വരുത്തി ഉണ്ടാക്കുന്ന ജീവികളുടെയോ മനുഷ്യരുടേയോ കുട്ടികളെയാണ് ഡിസൈനർ കുട്ടികൾ എന്നുപറയുന്നത്. ചൈനയിലെ ശാസ്ത്രജ്ഞനായ ഹിജിയാൻക്വി ഇത്തരത്തിൽ ഡിഎൻഎയിൽ ക്രിസ്പർ സാങ്കേതികവിദ്യ ഉപയോഗിച്ച് എയ്ഡ് രോഗത്തോട് പ്രതിരോധമുള്ള ലൂലു, നാന എന്ന് പേരുള്ള രണ്ട് കുട്ടികളെ ഉണ്ടാക്കിയതായി അവകാശപ്പെട്ടിട്ടുണ്ട്. 2018ലെ ഏറ്റവും പ്രധാന ശാസ്ത്ര വാർത്ത ആയിരുന്നു ഇത്.

## ഇന്ത്യൻ ബഹിരാകാശ ഗവേഷണം

ഇന്ത്യയെ സംബന്ധിച്ചിടത്തോളം 2018 വളരെ നേട്ടങ്ങളും അല്പം പ്രശ്നങ്ങളും ഉണ്ടായ വർഷമായിരുന്നു. ജനുവരി മാസത്തിൽ തന്നെ ലോകരാഷ്ട്രങ്ങളെ അത്ഭുതപ്പെടുത്തികൊണ്ട് 710കി.ഗ്രാം ഭാരമുള്ള കാർട്ടോസാറ്റും മറ്റ് 30ചെറിയ ഉപഗ്രഹങ്ങളും ഒന്നിച്ച് ഒരു റോക്കറ്റിൽ വിക്ഷേപിച്ചുകൊണ്ട് ഐഎസ്ആർഒ വർഷം തുടങ്ങിയത്.

### *നേട്ടങ്ങളും പ്രശ്നങ്ങളും താഴെ കൊടുത്തിരിക്കുന്നു*

2018 ജനുവരി 12 പിഎസ്എൽവി സി40,31 ഉപഗ്രഹങ്ങളെ വിക്ഷേപിച്ചു.

മാർച്ച്29 ജിഎസ്എൽവി എഫ്08. ജിസാറ്റ്-6A ഉപഗ്രഹത്തെ വിക്ഷേപിച്ചു. പക്ഷെ അത് നഷ്ടപ്പെട്ടു.

ഏപ്രിൽ 12പിഎസ്എൽവി-സി 41 ദിശാനിർണയ ഉപഗ്രഹത്തെ വിക്ഷേപിച്ചു.

ഏപ്രിൽ 25 ജിസാറ്റ് -11 നെ തെക്കേ അമേരിക്കയിൽ നിന്നും തിരിച്ചുകൊണ്ടുവന്ന് വിക്ഷേപണം മാറ്റിവയ്ച്ചു.

ജൂലൈ 5മനുഷ്യയാത്രക്ക് അനിവാര്യമായ ക്രൂ എസ്കേപ്പ് സിസ്റ്റം വിജയകരമായി പരീക്ഷിച്ചു.

സെപ്റ്റംബർ 16 പിഎസ്എൽവി 42 രണ്ട് വിദേശഉപഗ്രഹങ്ങൾ വിക്ഷേപിച്ചു.

നവംബർ 29 പിഎസ്എൽവി സി -43 ഹയാസ് ഉപഗ്രഹവും 30 ചെറിയ ഉപഗ്രഹങ്ങളും വിക്ഷേപിച്ചു.

നവംബർ 14 ജിഎസ്എൽവി 42 രണ്ട് വിദേശഉപഗ്രഹങ്ങൾ വിക്ഷേപിച്ചു.

ഡിസംബർ 5 2018 ലെ അവസാനത്തെ ഉപഗ്രഹവിക്ഷേപണം ജിസാറ്റ്-11 തെക്കേ അമേരിക്കയിലെ കോരുവിൽ നിന്നും ഏരിയൻ റോക്കറ്റിൽ വിജയകരമായി വിക്ഷേപിച്ചു.

## കവിത



ആദിത്യൻ സി എസ്
8എ

# ശാസ്ത്രം

ശാസ്ത്രം തന്നെ ജീവിതം
ശാസ്ത്രത്തിനായ് ജീവിച്ച മഹാന്മാരെ
നിങ്ങൾ കൊളുത്തിയ ദീപവുമായി
അണയാതെ കൈക്കുമ്പി വരുന്ന ഞങ്ങൾ
അഗ്നിചിറകിലേന്തി വാനിൽ പറപ്പന്നെ
അബ്ദുൽ കലാമും
ഭാരതാമ്മതൻ നെറ്റിൽ പൊൻതുവലണ-
ണിയിച്ച വിക്രം സാരാഭായിയും
നമിക്കുന്ന ഞങ്ങൾ നിങ്ങളേവരെയും
നിങ്ങൾ കാണിച്ച വഴിയിലൂടെ നിങ്ങൾ
തൻ പ്രകാശവുമായി വരുന്ന ഞങ്ങൾ
പുതുതലമുറ. നിങ്ങൾ തൻ ശോഭ
ഉയരട്ടെ വാനോളം ഉജ്വലിക്കട്ടെ സൂര്യനോളം

**ARTICLE**

# Impacts of social media on education

**Today social media plays an important role in every student's life. It is easier and convenient to access information teachers and students are connected to each other. It has become a good platform for effective education .**

## *Positive impact of social media*

**The social media have numerous positive impacts and effects with the help of the internet .We have access to all form of information. Nothing is strange to 'Google' Education a problems encountered by students are being discussed and solved online with the help of online counselors.**

**Now schools taech over the internet. Many universities are now offering online courses to the public. The social media has brought education to our door steps. It also make students meet people from various parts of the world which that might be useful to them.**

## Negative impacts

Social media had become a major distraction to students causing the over all performence of students to decline. It has distrupted their writing skils. They no longer know how to write long essays. Due to nature by which messages and chats are written student's have inculcated. The habit of writing in short hand. This has effected their grammar panndtuation communication and writing skills students are exposed to wices and dirty siles like the pornography siles in the course of browsing. These are just a few of the numerous negative impacts of social media on education.

## conclusion

The negative impacts should be rode while the positive ones should be uplifted. Time spenton social network siles should be reduced. There should be modoration in student's access to social media

**SREEJITHA .P**
**Teacher (English Dept.)**

# ജീവചരിത്രം

## 1. സുഭാഷ് ചന്ദ്രബോസ്

ഒറീസയിലെ കട്ടക്കിൽ ജനിച്ച സുഭാഷ് ചന്ദ്രബോസിനെ ഇന്ത്യക്കാർ **'നേതാജി'** എന്നാണ് വിളിച്ചിരുന്നത്. ആയുദ വിപ്ലവത്തിലൂടെ മാത്രമേ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ എന്ന് വിശ്വസിച്ച നേതാജി **'എനിക്ക് രക്തം തരൂ പകരം നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം'** എന്ന ആഹ്വാനത്തിലൂടെ യുവാക്കളെ സ്വാതന്ത്ര്യസമരത്തിലേക്ക് ആകർഷിച്ചു.പലതവണ ജയിൽ ശിക്ഷ അനുഭവിച്ച അദ്ധേഹം ജപ്പാന്റെ സഹായത്തോടെ **'ഇന്ത്യൻ നാഷണൽ ആർമി'(INA)** രൂപീകരിച്ചു. 'ജയ്ഹിന്ദ് 'എന്ന അഭിവാദ്യ വാക്യം നമുക്ക് സമ്മാനിച്ച അദ്ധേഹം 1945 ൽ ഒരു വിമാനാപകടത്തിൽ മരണമടഞ്ഞതായി കരുതപ്പെടുന്നു.

## 2.ബങ്കിംചന്ദ്ര ചാറ്റർജി

ഓരോ ഭാരതീയനും ദേശ സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അഭിമാനത്തിന്റെയും വിത്തുകൾ പാകിയ മഹാമന്ത്രത്തിന്റെ "വന്ദേമാതരം" എന്ന രാഷ്ട്രഗാനത്തിന്റെ രചയിതാവായ ബങ്കിംചന്ദ്ര ചാറ്റർജി 1838 ജൂൺ 27 ന് മിഡ്നാപ്പൂരിലാണ് ജനിച്ചത്. പിതാവ് ഡെപ്യൂട്ടി കളക്ടറായിരുന്നു. കൽക്കത്ത പ്രസിഡൻസി കോളജിൽ നിന്നും ബി എ ബിരുദം നേടി. ഡെപ്യൂട്ടി മജിസ്ട്രേട്ടായിട്ടായിരുന്നു ഔദ്യോഗിക ജീവിതം തുടങ്ങിയത്.

### സമുന്നത സംഭാവനകൾക്കുടമ

നോവലിസ്റ്റ് തത്വചിന്തകൻ സാമൂഹിക പ്രവർത്തകൻ സ്വാതന്ത്ര്യസമരസേനാനി എന്നീ നിലകളിൽ സമുന്നതമായ സംഭാവനകൾ ക്കുടമയായിരുന്നു അദ്ദേഹം. തന്റെ ആദ്യ നോവലായ 'രാജ്മോഹന്റെ ഭാര്യ' 1864ൽ പ്രസിദ്ധപ്പെടുത്തി. കപാല കുണ്ഡല, മൃണാളിനി, ആനന്ദമഠം, എന്ന കഥാപാത്രമാണ് 'വന്ദേമാതരം' ആലപിക്കുന്നത്.

അദ്ദേഹത്തിന്റെ കൃതികളെ ചരിത്രപരം സാമുദായികം ദേശഭക്തിപരം പ്രേമകാവ്യങ്ങൾ എന്നിങ്ങനെ നാലായി തരംതിരിച്ചിരിക്കുന്നു. മതപരം തത്ത്വശാസ്ത്രം ഹാസ്യാത്മകം വിമർശനപരം തുടങ്ങിയ മേഖലകളിലും അദ്ധേഹം രചനകൾ നടത്തിയിട്ടുണ്ട്.

ഭാരതത്തിൽ 'സ്ഥിതിസമത്വം' എന്ന ആശയം പ്രചരിപ്പിക്കുന്നതിൽ അദ്ധേഹം പ്രധാന പങ്ക് വഹിച്ചു. 1894 ൽ ബങ്കിംചന്ദ്ര ചാറ്റർജി നിര്യാതനായി. അദ്ധേഹത്തിന്റെ ഭവനം ദേശിയസ്മാരകമായി സംരക്ഷിക്കപ്പെട്ടുവരുന്നു. കൂടാതെ അദ്ധേഹത്തിന്റെ പേരിൽ ഒരു ഗ്രന്ഥശാലയും മ്യൂസിയവും സ്ഥാപിതമായിട്ടുണ്ട്.

## ജാലകം

ക്വിറ്റ് ഇന്ത്യാദിനത്തിൽ ഇന്ത്യയിൽ നടന്ന മറ്റൊരു കലാപം?

- കകോരി ട്രെയിൻ കൊള്ളയടി

ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിൽ ജനിച്ച സ്വാതന്ത്ര്യസമര- സേനാനി ?

- അരവിന്ദഘോഷ്

വിദർഭയുടെ രത്നം എന്നറിയപ്പെടുന്ന ദേശിയോദ്യാനം?

- തഡോബ ദേശിയോദ്യാനം

ഇന്ത്യയുടെ യഥാർത്ഥ ധനമന്ത്രി എന്നറിയപ്പെടുന്ന പ്രതിഭാസം?

-മൺസൂൺക്കാറ്റുകൾ

വൈഷ്ണവ സത്രങ്ങൾക്ക് പ്രസിദ്ധിമായ ആസാമിലെ വിനോദസഞ്ചാരകേന്ദ്രം?

-മാജ്ജുലി

നെഹ്റു സമൃദ്ധിയുടെ ഉറവ എന്ന് വിശേഷിപ്പിച്ച എണ്ണപ്പാടം?

- അംഗ്ലേഷ് വർ

2018നലെ ജ്ഞാനപീഠം ലഭിച്ചത് ?

- അമിതാവ് ഘോഷ്

ജമ്മുകാശ്മീരിൽ ഗവർണർ ഭരണത്തെക്കുറിച്ച് പ്രതിപാതിക്കുന്ന ജമ്മുകാശ്മീർ ഭരണഘടനയിലെ അനുഛേദം?

- 92

# ആശംസകൾ

34 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം 2019 - വർഷത്തിൽ, ഈ സ്കൂളിൽ നിന്നും വിരമിക്കുന്ന ഞങ്ങളുടെ പ്രിയ ഗുരു നാഥൻ ശ്രീ പി.റ്റി.വിജയകുമാർ സാറിന് ബോയ്സ് സ്കൂളിലെ ഹെഡ്മിസ്ട്രസിന്റെയും ലിറ്റിൽ കൈറ്റ്സിന്റെയും മറ്റ് അദ്ധ്യാപക-അനധ്യാപക രുടെയും എല്ലാ വിധ മംഗളങ്ങളും നേരുന്നു.



## അനുസ്മരണം

# വൈക്കം മുഹമ്മദ് ബഷീർ

**മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.**



**സ്നേഹപൂർവ്വം............**

**ഒരിക്കൽക്കൂടി നന്ദി........**

**ഞങ്ങൾ നിങ്ങൾക്ക് ഒരുക്കിയ മാഗസിൻ വിഭവങ്ങൾ ആവോളം ആസ്വദിച്ചു കാണും എന്നു ഞങ്ങൾ കരുതട്ടെ...........**

**ഇനിയും പുതിയ വിഭവങ്ങളുമായി നിങ്ങളുടെ മുൻപിൽ ഞങ്ങൾ വരുന്നതാണ്............**

**തൽക്കാലം വിടനൽകട്ടെ ...........**